©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY



| | | | |
|---|---|---|---|
| വാല്യം 4 | തിരുവനന്തപുരം, തിങ്കൾ | 2015 ജനുവരി 19<br>19th January 2015 | നമ്പർ 155 |
| Vol. IV | Thiruvananthapuram, Monday | 1190 മകരം 5<br>5th Makaram 1190<br>1936 പൌഷം 29<br>29th Pousha 1936 | No. 155 |



## കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്

വിജ്ഞാപനം

സ. ഉ. (അച്ചടിച്ചത്) നമ്പർ 2/2015/ഉഭപവ. *തിരുവനന്തപുരം, 2015 ജനുവരി 13 / 1190 ധനു 29.*

**എസ്. ആർ. ഒ. നമ്പർ 42/2015.**—1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് (1969-ലെ 7) 1 ബി വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് കുറിപ്പ് ഫയൽ മലയാളത്തിലായിരിക്കണമെന്ന വ്യവസ്ഥയോടെ താഴെ പറയുന്ന സാഹചര്യങ്ങളിൽ ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

(i) (എ) കേന്ദ്രസർക്കാർ

(ബി) കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/275/2015/S-9.

(സി) ഹൈക്കോടതി, സുപ്രീംകോടതി

(ഡി) അന്യ സംസ്ഥാനങ്ങൾ

(ഇ) അന്യ രാജ്യങ്ങൾ

(എഫ്) സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നട അല്ലാതെയുള്ള മറ്റ് ഭാഷാന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ.

(ii) ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിലെ പ്രത്യേക പരാമർശമുള്ള സംഗതികൾ.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. സുരേഷ് കുമാർ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ടിലെ 1 ബി വകുപ്പ് പ്രകാരം ഔദ്യോഗികാവശ്യങ്ങൾക്ക് മലയാളമോ ഇംഗ്ലീഷോ ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരമുണ്ട്. ഈ അധികാരം ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഇംഗ്ലീഷിന്റെ ഉപയോഗവും ഇംഗ്ലീഷിലുള്ള കത്തിടപാടുകളും അനിവാര്യമാണ്. ഈ സാഹചര്യങ്ങളിൽ കുറിപ്പ് ഫയൽ മലയാളത്തിൽ കൈകാര്യം ചെയ്യണമെന്ന വ്യവസ്ഥയോടുകൂടി പ്രസ്തുത ആവശ്യങ്ങൾക്ക് ഇംഗ്ലീഷ് ഉപയോഗിക്കാമെന്ന് നിർദ്ദേശിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ഉദ്ദേശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Personnel and Administrative Reforms (Official Language) Department**

NOTIFICATION

G. O. (P) No. 2/2015/P&ARD. *Dated, Thiruvananthapuram, 13th January, 2015*
*29th Dhanu, 1190.*

**S. R. O. No. 42/2015.**—In exercise of the powers conferred by section 1B of the Kerala Official Languages Act, 1969 (7 of 1969) the Government of Kerala hereby notify the following circumstances under which English can be used for official purpose subject to the condition that in such cases the note file should be prepared in Malayalam.

(i) For correspondence with·

(a) Central Government

(b) Central Government organizations

(c) Supreme Court and High Court

(d) Other States

(e) Foreign Countries

(f) The linguistic minorities other than Tamil and Kannada in the State.

(ii) Where the use of English is made mandatory as per law.

By order of the Governor,

K. Suresh Kumar,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Section 1B of the Kerala Official Languages Act, 1969 empowers Government to issue notification directing that Malayalam or English shall be used in respect of such official purposes. In exercise of this power, Government have decided to notify Malayalam as Official Language in all Government Departments. But in some special purposes the use of English and the communication in English is found essential. Hence the Government have decided to direct to use English for those purposes subject to the conditions that in such circumstances the note file should be prepared in Malayalam

This notification is intended to achieve the above object.